# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 209 — 04.05.2017 ൽ മറുപടിക്ക്

### അനധികൃതവും അനിയന്ത്രിതവുമായ പാറഖനനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) അനധികൃതവും അനിയന്ത്രിതവുമായ പാറഖനനം സംസ്ഥാനത്ത് വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 02/12/2016 ലെ വിധി പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ വലിയൊരു വിഭാഗം ക്വാറികളുടെയും പ്രവർത്തനം നിർത്തി വെയ്ക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും ചില ക്വാറികൾ അനധികൃതമായി പ്രവർത്തിപ്പിക്കുന്നത് കണ്ടതിനെ തുടർന്ന് അവ നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എല്ലാ ക്വാറികൾക്കും പരിസ്ഥിതി ആഘാതപഠനം വേണമെന്ന സുപ്രീം കോടതി വിധി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ; | (ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം എല്ലാ ക്വാറികൾക്കും പാരിസ്ഥിതികാനുമതി (Environmental Clearance) നിർബന്ധമാക്കിയിട്ടുണ്ട്. 5 ഹെക്ടറോ അതിൽ കുറവോ വിസ്തീർണ്ണമുള്ള ഭൂമിയിൽ നിന്നും ചെറുകിട ധാതുക്കൾ ഖനനം ചെയ്യുവാൻ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നും, 5 ഹെക്ടറിൽ കൂടുതൽ ഭൂവിസ്തീർണ്ണമുള്ള ഭൂമിയിൽ നിന്നും ഖനനം നടത്തുന്നതിന് സംസ്ഥാന തല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി നേടേണ്ടത്. ഇതിനായി എല്ലാ ജില്ലാ തലങ്ങളിലും, സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് |

പ്രവർത്തിച്ചു വരുന്നുണ്ട്. ബഹു. സുപ്രീം കോടതി വിധിക്കു ശേഷം പാരിസ്ഥിതികാനുമതിയില്ലാതെ പ്രവർത്തിപ്പിച്ചിരുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തി വയ്പ്പിച്ചിട്ടുണ്ട്.

(സി) ഖനന മാഫിയ - ഉദ്യോഗസ്ഥ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന അനിയന്ത്രിതമായ പാറ ഖനനം സംസ്ഥാനത്തിന്റെ ഭൂസ്വഭാവത്തെയും പരിസ്ഥിതിയെയും സാരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുമോ; വ്യക്തമാക്കുമോ?

(സി) അനധികൃത ഖനനവും അനിയന്ത്രിത ഖനനവും ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിച്ച് ആയത് നിരോധിച്ചു വരുന്നുണ്ട്. പരിസ്ഥിതി നാശം വരുത്താത്ത, ഭൂസ്വഭാവത്തെ മാറ്റാത്ത തരത്തിലുള്ള നിയന്ത്രിത ഖനനം നടത്തുന്നതിന് സർക്കാർ കർശന നിയന്ത്രണങ്ങൾ ഉറപ്പു വരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**